"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണം - സാമൂഹിക സന്നദ്ധസേനയ്ക്ക് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾക്കായി വകയിരുത്തിയതിൽ ആദ്യ ഗഡുവായി ഇരുപത് ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.3160/2024/GAD തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:- 1. സ.ഉ(സാധ)നം.2558/2024/പൊഭവ തീയതി 10.06.2024.

2. സാമൂഹിക സന്നദ്ധസേന ഡയറക്ടറുടെ 11.06.2024 ലെ DSS/06/2024(AS) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ മാത്രം) 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ഡയറക്ടർക്ക് നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആദ്യ ഗഡുവായി 30,50,000/- രൂപ അനുവദിച്ചു നൽകുവാൻ പരാമർശം 2 പ്രകാരം ഡയറക്ടർ ആവശ്യപ്പെട്ടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾ ഭരണാനുമതി പ്രകാരം നടപ്പിലാക്കുന്നതിന് ആദ്യ ഗഡുവായി 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ നിന്നും പരാമർശം 1 പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾക്കും കൂടാതെ ബാക്കി തുക അനുവദിക്കുന്നതിനായി ധനവിനിയോഗ പത്രിക സമർപ്പിക്കണമെന്ന വ്യവസ്ഥയ്ക്കും വിധേയമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പൊതുഭരണ (ഏകോപനം) വകുപ്പ് അണ്ടർ സെക്രട്ടറി 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ നിന്നും 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) പിൻവലിച്ച് സാമൂഹിക സന്നദ്ധസേന ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (PSTSB acct no-799012700002291) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹിക സന്നദ്ധസേന, അനക്സ് - I, ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (09.07.2024- ലെ EXP-A2/393/2024/Fin നമ്പർ പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (അറിവിലേക്കായി)
അണ്ടർ സെക്രട്ടറി,പൊതുഭരണ (ഏകോപനം) വകുപ്പ് ( 3 പകർപ്പുകൾ സഹിതം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Anandhu S S**
**Date: 12-07-2024 15:00:10**

സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്